പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4271.                25.06.2018 ൽ മറുപടിയ്ക്ക്

## ലഹരിക്കെതിരായ ബോധവത്ക്കരണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | | ശ്രീ. ടി. പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | ലഹരിക്കെതിരായ ബോധവത്ക്കരണത്തിൽ കേരളത്തിലെ ലൈബ്രറികളെയും സാംസ്കാരിക സംഘടനകളെയും മറ്റിതര സന്നദ്ധ സംഘടനകളെയും കൂടി പങ്കാളികളാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; നിലവിൽ ഇവയുടെ പങ്കാളിത്തമുണ്ടോ; | (എ) യും (ബി) യും | ആലോചിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിനെതിരെ ലഹരി വർജ്ജന പ്രവർത്തനങ്ങളിലൂടെ ലഹരി മുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുള്ളത്. വിവിധ സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി- യുവജന- മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ 'വിമുക്തി' മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. |
| (ബി) | കുടുംബശ്രീ പ്രവർത്തകരെയും മേൽ സൂചിപ്പിച്ച സന്നദ്ധ സംഘടനകളെയും കൂട്ടിയോജിപ്പിച്ചുള്ള ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | ലഹരി മാഫിയയെ തടയുന്നതിന് സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങളെല്ലാം ഫലപ്രദമായി ഉപയോഗിക്കുന്നതിന് | (സി) | നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിക്കുകയും ആയവ വഴി ലഭ്യമാകുന്ന പരാതികളിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യു |

| | | | |
|---|---|---|---|
| | നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | വരുന്നു. കൂടാതെ ലഹരി വിരുദ്ധ പ്രചാരണം ലക്ഷ്യം വച്ചുള്ള സന്ദേശങ്ങൾ എഫ്.എം. റേഡിയോ, പ്രമുഖ ടി.വി.ചാനലുകൾ എന്നിവയിലൂടെ പ്രചരിപ്പിച്ചു വരുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലെ ഡിജിറ്റൽ ഡിസപ്ലേ ബോർഡുകൾ തുടങ്ങി വിവിധ ഇലക്ട്രോണിക്സ്-ഇലക്ട്രോണിക്സ് ഇതര മാധ്യമങ്ങൾ വഴിയും ലഹരി വിരുദ്ധ സന്ദേശ പ്രചരണങ്ങൾ നടത്തി വരുന്നു. നവമാധ്യമങ്ങളിൽ ആനിമേഷൻ പോലെയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**